# കൊച്ചിൻ യൂണിവേഴ്സിറ്റി എംപ്ലോയീസ് അസ്സോസിയേഷൻ

# 41 -ാം വാർഷിക സമ്മേളനം

**2024 മാർച്ച് 4, 5**

**എസ്.എം.എസ്. ഓഡിറ്റോറിയം, കൊച്ചി സർവ്വകലാശാല**

# വാർഷിക റിപ്പോർട്ട്



# കൊച്ചിൻ യൂണിവേഴ്സിറ്റി എംപ്ലോയീസ് അസ്സോസിയേഷൻ

## 41 –ാം വാർഷിക സമ്മേളനം

### 2024 മാർച്ച് 4, 5 തൃക്കാക്കര ക്യാമ്പസ്

## പ്രവർത്തന റിപ്പോർട്ട്

കൊച്ചിൻ യൂണിവേഴ്സിറ്റി എംപ്ലോയീസ് അസ്സോസിയേഷന്റെ 41–ാം വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുന്ന മുഴുവൻ അംഗങ്ങളേയും എക്സിക്യൂട്ടീവ് കമ്മിറ്റിക്കു വേണ്ടി ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

ലോകത്തെമ്പാടുമുള്ള അദ്ധ്വാനിക്കുന്നവന്റെയും അടിച്ചമർത്തപ്പെട്ടവന്റെയും മോചനത്തിനും ഉന്നമനത്തിനും വേണ്ടി പടപൊരുതി ജീവത്യാഗം ചെയ്ത ധീരരക്തസാക്ഷികളുടെ ജ്വലിക്കുന്ന സ്മരണയ്ക്കുമുന്നിൽ ഈ യോഗം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**അനുശോചനം**

റിപ്പോർട്ട് കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞ പ്രിയപ്പെട്ട സഹപ്രവർത്തകൻ നൗഷാദിന്റെ അകാല വിയോഗത്തിൽ ഈ സമ്മേളനം അഗാധ ദു:ഖം രേഖപ്പെടുത്തുന്നു.

സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾ സംഘടിപ്പിച്ച ടെക്ഫെസ്റ്റിനിടയിൽ ഉണ്ടായ തിക്കിലും തിരക്കിലുംപെട്ട് ജീവൻ പൊലിഞ്ഞ 3 വിദ്യാർത്ഥികൾ ഉൾപ്പെടെ നാലുപേരുടെ വേർപാടിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

സി.പി.ഐ.(എം.) സ്ഥാപക നേതാവ് എൻ. ശങ്കരയ്യ, മുൻ എം.എൽ.എ. യും തൊഴിലാളി നേതാവുമായ ആനത്തലവട്ടം

ആനന്ദൻ, സി.പി.ഐ. സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ, മുൻ എം.എൽ.എ. സ. എം. ചന്ദ്രൻ, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, മുൻ എം.എൽ.എ. യും ലോക് താന്ത്രിക് ജനതാദൾ സംസ്ഥാന പ്രസിഡന്റുമായിരുന്ന എം. കെ. പ്രേംനാഥ്, മുൻ മന്ത്രിയും സ്പീക്കറും ഗവർണ്ണറുമായിരുന്ന വക്കം പുരുഷോത്തമൻ, സി.പി.ഐ. (എം.) മുൻ സംസ്ഥാന കമ്മിറ്റി അംഗം സരോജിനി ബാലാനന്ദൻ, ഡി.എം.ഡി.കെ. സ്ഥാപകനും നടനുമായിരുന്ന വിജയകാന്ത്.

സുപ്രീംകോടതിയിലെ ആദ്യ വനിതാ ജഡ്ജി ജസ്റ്റിസ് എം. ഫാത്തിമാബീവി, കേരള സാഹിത്യ അക്കാദമി മുൻ അദ്ധ്യക്ഷ പി. വത്സല, സാമൂഹ്യ പ്രവർത്തകയും എഴുത്തുകാരിയുമായ ദേവകി നിലയങ്ങോട്, എഴുത്തുകാരൻ സി. ആർ. ഓമനക്കുട്ടൻ, പ്രമുഖ ചലച്ചിത്ര നിർമ്മാതാവ് പി. വി. ഗംഗാധരൻ, എഴുത്തുകാരി സാറ തോമസ്, ചലച്ചിത്ര പിന്നണി ഗായിക വാണി ജയറാം, ചലച്ചിത്ര രംഗത്തെ പ്രമുഖരായ മമ്മുക്കോയ, പൂജപ്പുര രവി, കുണ്ടറ ജോണി, സുബി സുരേഷ്, ചലച്ചിത്ര സംവിധായകരായ സിദ്ദിഖ്, കെ. ജി. ജോർജ്ജ്, കവി എൻ. കെ. ദേശം.

കാർഷിക ശാസ്ത്രജ്ഞൻ ഡോ. എം. എസ്. സ്വാമിനാഥൻ, പ്രമുഖ ശില്പിയും ചിത്രകാരനുമായ ആർട്ടിസ്റ്റ് നമ്പൂതിരി, ചിത്ര കാരൻ എ. രാമചന്ദ്രൻ, കാർട്ടൂണിസ്റ്റ് സുകുമാർ, സംഗീതജ്ഞ ലീല ഓംചേരി, ചിത്രകാരൻ വിവാൻ സുന്ദരം, സ്വതന്ത്ര സോഫ്റ്റ്വെയർ പ്രവർത്തകൻ ജോസഫ് തോമസ്, വിപ്ലവ ഗായകനും കവിയുമായ ഗദ്ദർ, പ്രമുഖ സിനിമ പ്രവർത്തകൻ കുമാർ സാഹ്നി, ഗസൽ ഗായ കൻ പങ്കജ് ഉദാസ്, നിയമവിദഗ്ദ്ധൻ ഫാലി എസ്. നരിമാൻ.

ഡ്യൂട്ടിക്കിടെ കൊലചെയ്യപ്പെട്ട ഡോ. വന്ദനാദാസ്, രാജ്യത്തിന് വേണ്ടി വീരമൃത്യു വരിച്ച ധീര ജവാന്മാർ, ഒറീസ്സയിലെ ബാലസോ റിലുണ്ടായ ട്രെയിൻ അപകടത്തിൽ മരണപ്പെട്ടവർ, മൊറോക്കോ യിലെ ഭൂകമ്പത്തിൽ ജീവൻ നഷ്ടപ്പെട്ടവർ, പാലസ്തീൻ സംഘർഷ ത്തിൽ ജീവൻ നഷ്ടപ്പെട്ടവർ, കർഷക സമരത്തിനിടെ ജീവൻ പൊലിഞ്ഞ കർഷകർ തുടങ്ങിയവരുടെ വിയോഗത്തിൽ ഈ സമ്മേളനം അനുശോചനം രേഖപ്പെടുത്തുന്നു.

## സാർവ്വദേശീയം

മുതലാളിത്തത്തിന്റെ ലാഭക്കൊതി മനുഷ്യരാശിയുടെ നില നിൽപ്പിനെ തന്നെ ആശങ്കയിലാഴ്ത്തുകയാണ്. അത്യാർത്തിയോടു കൂടി പരക്കം പായുന്ന ലോക മുതലാളിത്തം, ഭരണകൂടങ്ങളെ സ്വാധീനിച്ച്, രാജ്യങ്ങളുടെ നയങ്ങളും നിയമങ്ങളും തങ്ങൾക്ക് അനുകൂലമാക്കുകയാണ്. ജനുവരി 2024 ൽ **അസമത്വത്തിന്റെ ആധിപത്യം (Inequality Inc.)** എന്ന പേരിൽ പുറത്ത് വന്ന ഓക്സ്ഫാമിന്റെ വാർഷിക റിപ്പോർട്ടിൽ ലോകത്തെ അസമത്വത്തിന്റെ ഭയാനകമായ അവസ്ഥ ചർച്ച ചെയ്യുന്നു. ലോകത്തിലെ ഏറ്റവും സമ്പന്നരായ അഞ്ച് പേർക്ക് അവരുടെ സമ്പത്ത് ഇരട്ടിയാക്കാൻ കഴിഞ്ഞ മൂന്ന് വർഷം മതിയായപ്പോൾ, അതേ കാലയളവിൽ അഞ്ഞൂറുകോടി (5 ബില്ല്യൺ) ജനങ്ങൾ ദാരിദ്ര്യത്തിലേക്ക് തള്ളപ്പെട്ടു. ഇതേ രീതിയിൽ മുന്നോട്ടുപോയാൽ ലോകത്തെ പട്ടിണി അവസാനിപ്പിക്കാൻ 230 വർഷം വേണ്ടിവരുമെങ്കിൽ അടുത്ത 10 വർഷം കൊണ്ട് ഒരു ട്രില്ല്യണർ ലോകത്ത് ഉണ്ടാകുമെന്നാണ് റിപ്പോർട്ട് സൂചിപ്പിക്കുന്നത്. പൊതുമേഖലയെ സംരക്ഷിച്ചുകൊണ്ട്, പൊതുനന്മയ്ക്ക് ഉതകുന്ന രീതിയിൽ സമ്പദ് ഘടന കെട്ടിപ്പടുക്കുന്നതിനുള്ള ഇടപെടലുകൾ നടത്തിയും സ്വകാര്യ മേഖലയിൽ  വേണ്ട നിയന്ത്രണമേർപ്പെടുത്തിയും പ്രാദേശിക ബദലുകളെ പ്രോത്സാഹിപ്പിച്ചും, നിലവിലുള്ള അസമത്വം അവസാനിപ്പിക്കുന്നതിനുള്ള ശക്തമായ നീക്കം ഭരണകൂടങ്ങളുടെ ഭാഗത്ത് നിന്നുണ്ടാകേണ്ടതുണ്ടെന്ന് റിപ്പോർട്ട് നിർദ്ദേശിക്കുന്നു.

മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലയിലും ഇടപെടാൻ കഴിയുന്ന രീതിയിൽ  ആധുനിക സാങ്കേതിക വിദ്യ വളർന്നിരിക്കുകയാണ്. മനുഷ്യനെപ്പോലെ ചിന്തിക്കാൻ മെഷീനുകളെ പരിശീലിപ്പിക്കുന്ന ഗവേഷണങ്ങളിൽ വലിയ മുന്നേറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ലഭ്യമായ വിവരങ്ങൾ വച്ചുകൊണ്ട് പുതിയ ഉള്ളടക്കം നിർമ്മിക്കാൻ കഴിയുന്ന രീതിയിൽ, നിർമ്മിത ബുദ്ധി  (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ജനറേറ്റഡ് എ. ഐ. യിലേക്ക് പരിണമിച്ചുകൊണ്ടിരിക്കുകയാണ്.

ജനറേറ്റീവ് ഐ. ഐ. യും തൊഴിലും (Generative A I and Jobs) എന്ന ഐ.എൽ.ഒ. 2023 ആഗസ്റ്റിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട്

തൊഴിൽ മേഖലയെ എ. ഐ. എങ്ങനെ ബാധിക്കുമെന്ന് വിശദമായി പ്രതിപാദിക്കുന്നു. മനുഷ്യർ ഇതുവരെ ചെയ്തുകൊണ്ടിരുന്ന ധാരാളം തൊഴിലുകൾ ഇല്ലാതാവുമെന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

നിർമ്മിത ബുദ്ധിയുടെ കാലത്ത് വസ്തുനിഷ്ഠമല്ലാത്തതും തെറ്റിദ്ധരിപ്പിക്കുന്നതുമായ വിവരങ്ങൾ പ്രചരിക്കുന്നത് വർദ്ധിക്കുമെന്നുള്ള ആശങ്കകൾ അവഗണിക്കാവുന്നതല്ല. നിർമ്മിത ബുദ്ധിയുടെയും മെഷീൻ ലേണിംഗിന്റെയും സഹായത്തോടെ ഒരു വ്യക്തിയുടെ യഥാർത്ഥമെന്ന് തോന്നുംവിധമുള്ള വീഡിയോയും, ശബ്ദവും കൃത്രിമമായി സൃഷ്ടിക്കുന്ന ഡീപ്പ് ഫേക്ക്, വിദ്യാഭ്യാസം, ചലച്ചിത്ര നിർമ്മാണം, ഫോറൻസിക് തുടങ്ങിയ മേഖലകളിൽ പ്രയോജനകരമാണെങ്കിലും വ്യക്തികളെ സംബന്ധിച്ച് ദുരുപയോഗപ്പെടുത്താൻ ഏറെ സാധ്യതയുണ്ട്.

വിലക്കയറ്റവും സാമ്പത്തിക പ്രതിസന്ധിയുമാണ് അതിജീവന പോരാട്ടത്തിനായി തൊഴിലാളികളെ തെരുവിലിറക്കിയത്. അമേരിക്കയിലും യൂറോപ്പിലും എയർലൈൻസ്, കാർ നിർമ്മാണം, ആരോഗ്യ, അദ്ധ്യാപന മേഖലയിലുള്ളവർ വ്യാപകമായി പണിമുടക്കുന്നു. ഹോളിവുഡിലെ എഴുത്തുകാരുടെ സമരം മാസങ്ങൾ പിന്നിട്ടു. അഭിനേതാക്കളും അവരോടൊപ്പം സജീവമായി സമരത്തിൽ പങ്കാളികളായി. ബ്രിട്ടൺ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ തപാൽ ജീവനക്കാരും, റെയിൽ, പ്രതിരോധ മേഖലയിലുള്ളവരും പണിമുടക്കി.

മെച്ചപ്പെട്ട വേതനവും തൊഴിൽ സാഹചര്യങ്ങളും ആവശ്യപ്പെട്ട് അമേരിക്കയിലും യൂറോപ്പിലും തൊഴിലാളി സമരങ്ങൾ ശക്തമായി. അമേരിക്കയിൽ കഴിഞ്ഞ വർഷം 230 പണിമുടക്കങ്ങൾ നടക്കുകയുണ്ടായി. യൂറോപ്പിലും മുൻവർഷത്തെ അപേക്ഷിച്ച് തൊഴിൽ സമരങ്ങൾ വർദ്ധിച്ചു.

അമേരിക്ക അവരുടെ രാഷ്ട്രീയ സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കാൻ ഇതര രാഷ്ട്രങ്ങളുടെ പരമാധികാരത്തിന് മേൽ കടന്നുകയറിക്കൊണ്ടിരിക്കുകയാണ്. ഉക്രൈനെ നാറ്റോ സഖ്യത്തിന്റെ ഭാഗമാക്കി, റഷ്യക്കെതിരെ പ്രയോഗിക്കുകയെന്ന ലക്ഷ്യത്തോടെ

# 01-12-2022 മുതൽ 31-01-2024 വരെയുള്ള വരവ് ചെലവ് കണക്കുകൾ

| നമ്പർ | വരവ് | തുക | നമ്പർ | ചെലവ് | തുക |
|---|---|---|---|---|---|
| 1 | മുൻ ബാക്കി | 20655.00 | 1 | 40-ാം വാർഷിക ചെലവ് | 350152.00 |
| 2 | 40-ാം വാർഷികം പിരിവ് | 498640.00 | 2 | വർഗ്ഗ ബഹുജന സംഘടന ചിലവുകൾ (FSETO/SFI/AISGEF/AIUEE/DYFI) | 119737.00 |
| 3 | മാസവരി 2023 | 37940.00 | 3 | ഓണാഘോഷം | 54372.00 |
| 4 | കോൺഫെഡറേഷൻ ഫണ്ട് | 31800.00 | 4 | പ്രിന്റിംഗ് ഡിസൈനിംഗ് & സ്റ്റേഷനറി | 41620.00 |
| 5 | സംഭാവന | 41500.00 | 5 | വനിതാവേദി | 9768.00 |
| 6 | ഡൽഹി മാർച്ച് | 82650.00 | 6 | മരണാനന്തര ചിലവുകൾ | 7340.00 |
| 7 | എഫ്.ഡി. പലിശ | 5868.00 | 7 | ഇലക്ഷൻ ചെലവുകൾ | 12430.00 |
| | വരവ് | 719053 | 8 | പുസ്തകമൂലയിലേക്കുള്ള പുസ്തകങ്ങൾ | 12103.00 |
| | ട്രഷറർ അഡ്വാൻസ് | 3167.00 | 9 | ജീവനക്കാരുടെ കേസുമായി ബന്ധപ്പെട്ട ചെലവുകൾ | 5000.00 |
| | | | 10 | പത്രം | 3240.00 |
| | | | 11 | യാത്രയയപ്പ് | 5500.00 |
| | | | 12 | ഡൽഹി മാർച്ച് | 100958 |
| **ആകെ** | | **722220.00** | **ആകെ** | | **722220.00** |

## ഓഡിറ്ററുടെ പരാമർശം

വരവ് ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അംഗീകാരത്തിനായി ശുപാർശ ചെയ്യുന്നു.

Harikumar S

എസ്. ഹരികുമാർ (ഓഡിറ്റർ)

# ഓഡിറ്റ് നിരീക്ഷണങ്ങൾ

1. സമ്മേളനവുമായി ബന്ധപ്പെട്ട് എത്തുന്ന വിശിഷ്ടാതിഥികൾ, മത്സരങ്ങളുടെ വിധികർത്താക്കൾ മുതലായവർക്ക് പ്രതിഫലം നൽകുമ്പോൾ, വൗച്ചറുകളിൽ അവരുടെ പേരും വിലാസവും ഒപ്പും രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. ഇത് പലപ്പോഴും പാലിക്കപ്പെടുന്നതായി കാണുന്നില്ല.

2. പല പ്രധാന ചെലവിനങ്ങൾക്കും വൗച്ചറായി സൂക്ഷിച്ചിരിക്കുന്നത് തുക ഗൂഗിൾപേ ചെയ്തതിന്റെ രേഖകളാണ്.

   ഉദാഹരണം: കോൺഫെഡറേഷന് നൽകിയിട്ടുള്ള തുക (13,550/-), ബാഗ് വാങ്ങിയതിന്റെ വില (45,000/-) മുതലായവ. ഇവയുടെ രസീതുകൾ വാങ്ങിയതായി കാണുന്നില്ല. ഇപ്രകാരം ഗൂഗിൾപേ ചെയ്തതിന്റെ രേഖകൾ, കൈപ്പറ്റു രസീതായി പരിഗണിക്കാൻ സാധിക്കുകയില്ല. ആയതിനാൽ ഇത്തരം ചെലവുകൾക്ക് നിർബന്ധമായും ക്യാഷ് ബില്ലുകൾ/ രസീതുകൾ വാങ്ങേണ്ടതാണ്. ട്രഷറർ ഇക്കാര്യത്തിൽ നിഷ്കർഷ പുലർത്തേണ്ടതാണ്.

3. സമ്മേളന നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന ചില വൗച്ചറുകൾ അവ്യക്തമായും ചെലവിനം സ്പഷ്ടമായി രേഖപ്പെടുത്താതെയും തയ്യാറായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൗച്ചറുകൾ പ്രിന്റ് ചെയ്ത ഫോർമാറ്റിൽ, സ്വീകർത്താവിന്റെ പേരു വിവരങ്ങളും കൈയ്യൊപ്പും രേഖപ്പെടുത്തി തന്നെ ലഭിക്കുന്നതിന് ട്രഷറർ നിഷ്കർഷിക്കേണ്ടതാണ്. ഇത്തരം ചെലവുകൾ കടലാസിൽ മാത്രം എഴുതി, തുക സ്വീകരിക്കുന്ന ആളിന്റെ വിവരങ്ങളും കൈയ്യൊപ്പും രേഖപ്പെടുത്താതെ സൂക്ഷിക്കുന്ന പ്രവണത അഭിലഷണീയമല്ല.

4. വിവിധ അഖിലേന്ത്യാ സമ്മേളനങ്ങളുമായി ബന്ധപ്പെട്ട യാത്രകളുടെ ചെലവു രേഖകളോടൊപ്പം ഹോട്ടൽ ബില്ലുകൾ, താമസച്ചെലവുകൾ സംബന്ധിച്ച ബില്ലുകൾ എന്നിവ വാങ്ങി നൽകേണ്ടതാണ്.

Harikumar S

കൊച്ചി-22
29-02-24

എസ്. ഹരികുമാർ (ഓഡിറ്റർ)